## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

01.12.2014-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം. 152

## വിദേശരാജ്യങ്ങളുടെ മത്സ്യബന്ധനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി.ജമീല പ്രകാശം<br>ശ്രീ.ജോസ് തെറ്റയിൽ<br>ശ്രീ.മാത്യു റ്റി.തോമസ്<br>ശ്രീ.സി.കെ.നാണു | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും<br>എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | കേരളത്തിലെ ആഴക്കടലിൽ നിയമവിരുദ്ധമായി വിദേശ ട്രോളറുകൾ മത്സ്യബന്ധനം നടത്തുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ; | (എ) | ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റ് വിംഗും കോസ്റ്റ് ഗാർഡും കടലിൽ ശക്തമായ പട്രോളിംഗ് നടത്തി വിദേശ ട്രോളറുകൾ നടത്തുന്ന അനധികൃത മത്സ്യബന്ധനം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | വിദേശരാജ്യങ്ങളുടെ മത്സ്യബന്ധനം മൂലം മത്സ്യ സമ്പത്ത് കുറഞ്ഞു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | വിദേശ ട്രോളറുകളെ നിയന്ത്രിക്കാൻ കഴിയുന്നില്ലെങ്കിൽ അവയ്ക്കൊപ്പം മത്സ്യബന്ധനം നടത്തുന്നതിനായി മത്സ്യതൊഴിലാളി സഹകരണ സംഘങ്ങൾക്ക് ആധുനിക സംവിധാനങ്ങൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സംവിധാനം നടപ്പാക്കാൻ തയ്യാറാകുമോ ? | (സി) | വിദേശ ട്രോളറുകൾക്ക് ആഴക്കടൽ മത്സ്യബന്ധനം നടത്തുന്നതിന് LoP നല്കുന്നത് കേന്ദ്ര സർക്കാരാണ്. മോട്ടോർ ഘടിപ്പിച്ച പരമ്പരാഗത യാനങ്ങൾ ഉപയോഗിച്ച് ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിനായി ആഴക്കടൽ മത്സ്യബന്ധന പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതി വഴി തെരഞ്ഞെടുത്ത പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഗുണനിലവാരം നിലനിറുത്തി മത്സ്യം കൈകാര്യം ചെയ്യുന്നതിനുള്ള പരിശീലനവും, യാന പരിഷ്കരണവും, മത്സ്യബന്ധന അനുബന്ധ ഉപകരണങ്ങളും സൗജന്യമായി നൽകുന്നു. ആഴക്കടൽ മത്സ്യബന്ധന പദ്ധതിയിൽ ഉൾപ്പെടുത്തി 584 ഗുണഭോക്താക്കൾക്ക് ജി.പി.എസ്. ഇൻസുലേറ്റഡ് ബോക്സ്, ലൈഫ് ജാക്കറ്റ്, അത്യാധുനിക ചൂണ്ടകൾ, കൃത്രിമ സിഗ്നൽ ലൈറ്റ്, ഫ്ലാഗ് എന്നിവ ഉൾപ്പെടുന്ന 55,000/- രൂപയുടെ ആഴക്കടൽ മത്സ്യബന്ധന ഉപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. |

Jayasree

സെക്ഷൻ ഓഫീസർ